**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T3189

13.03.2017 - ൽ മറുപടിക്ക്.

# മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ബി.സത്യൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായി ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് ആലോചനയുണ്ടോ; പുതുതായി ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് സഹായം നൽകാൻ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; തൊഴിൽ പരിശീലനത്തിന് 18 വയസ്സിന് മുകളിലുള്ളവർക്ക് രജിസ്ട്രേഷന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബഡ്സ് സ്കൂളുകളിൽ സൗജന്യ യൂണിഫോം വിതരണം ചെയ്യാൻ പദ്ധതിയുണ്ടോ; | (എ) ഉണ്ട്. പുതിയ സ്കൂളുകൾകൾക്കു വേണ്ടിയുള്ള ധനസഹായത്തിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിലേയ്ക്കായി പ്രൊപ്പോസലുകൾ സമർപ്പിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒറ്റത്തവണ ഗ്രാന്റായി 2 ലക്ഷം രൂപ വീതം കുടുംബശ്രീ മുഖാന്തിരം അനുവദിച്ച് നൽകിയിട്ടുണ്ട്. തൊഴിൽ പരിശീലനത്തിന് 18 വയസ്സിന് മുകളിലുള്ളവർക്ക് രജിസ്ട്രേഷന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് നിലവിൽ പദ്ധതികളൊന്നുമില്ല. |
| (ബി) മാനസിക വെല്ലുവിളി നേരിടുന്നത് മൂലം ആധാർ കാർഡ് എടുക്കാൻ സാധിക്കാത്തവർക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടോ; ഇവർക്ക് ഇളവ് ലഭിക്കുമോ; | (ബി) മാനസിക വെല്ലുവിളി നേരിടുന്നത് മൂലം ആധാർ കാർഡ് എടുക്കാൻ സാധിക്കാത്തവർക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാനായി ആധാർ കാർഡിനു പകരം ഗുണഭോക്താവിന്റെ ഇലക്ഷൻ തിരിച്ചറിയൽ കാർഡോ റേഷൻ കാർഡോ തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരിയുടെ മുമ്പാകെ |

| | | | |
|---|---|---|---|
| | | | ഹാജരാക്കിയാൽ മതിയെന്ന് സ.ഉ.(എം.എസ്) നം. 67/2017/ഫിൻ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ തുടർനടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സ്പെഷ്യൽ സ്കൂളുകൾ ഏറ്റെടുക്കാൻ സർക്കാർ തലത്തിൽ പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ? | (സി) | ഇക്കാര്യത്തിൽ നയപരമായ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ